പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 4547 | 21/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഡിഅഡിക്ഷൻ സെന്ററുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിൽ ഡി അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കുന്ന പദ്ധതി ഏതുഘട്ടത്തിലാണ്; | എ)<br>&<br>ബി) | ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി കൊല്ലം, ജില്ലാ ആശുപത്രി കോഴഞ്ചേരി, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി പാലക്കാട്, താലൂക്ക് ആശുപത്രി കരുനാഗപ്പള്ളി , കൊട്ടാരക്കര, താലൂക്ക് ആശുപത്രി തൃപ്പൂണിത്തുറ, മെന്റൽ ഹെൽത്ത് സെന്റർ തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഡി അഡിക്ഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു.<br>2017-18 വർഷത്തിൽ തൊടുപുഴ, കോട്ടത്തറ എന്നിവിടങ്ങളിൽ ഡി അഡിക്ഷൻ സെന്റർ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലുള്ള ഡി അഡിക്ഷൻ സെന്ററിൽ ഡെലിവറി ഐ.സി.യു സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ താലൂക്കാശുപത്രി നെടുങ്കോലം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചാലക്കുടി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി പയ്യന്നൂർ, ജനറൽ ആശുപത്രി പാലാ, ജില്ലാ ആശുപത്രി ആലുവ , ജില്ലാ ആശുപത്രി മാവേലിക്കര, ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, ജനറൽ ആശുപത്രി കൽപ്പറ്റ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി , റാന്നി, പ്രാഥമികാരോഗ്യകേന്ദ്രം അഗളി എന്നിവിടങ്ങളിൽ വിമുക്തിപദ്ധതിയുമായിബന്ധപ്പെട്ട് എക്സൈസ് വകുപ്പുമായി ചേർന്ന് ഡിഅഡിക്ഷൻ സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. |
| ബി) | സംസ്ഥാനത്ത് എത്ര ജില്ലാ ആശുപത്രികളിൽ ഡി അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്? | | |

സെക്ഷൻ ഓഫീസർ